**23U140** (Pages: 2) Name: ……..………………..

Reg. No: …………………….

**FIRST SEMESTER B.Sc. CS, FT/B.C.A./B.Voc./M.Sc. INTEGRATED GEOLOGY DEGREE EXAMINATION, NOVEMBER 2023**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL1 A07(3) / CC21U GEC1 ML03 / CC19 MAL1 IA07(3)**

**മലയാള ഭാഷയും സാഹിത്യവും – I**

(Malayalam – Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

1. കണ്ടൽ ചെടിയുടെ പ്രാധാന്യം വിശദമാക്കുക.
2. വെള്ളക്കാരന്റെ ശവക്കുഴി എന്ന് പറയുന്നത് എന്തിനെയാണ്?
3. ആഫ്രിക്കൻ വർഗ്ഗക്കാർക്ക് ഇഷ്ടപ്പെട്ട വസ്ത്രങ്ങൾ ഏതായിരുന്നു ?
4. ശ്രൂപം എന്നാൽ എന്ത്?
5. കാടിന്റെ പച്ചപ്പും ചതുപ്പിന്റെ മണവും ഉപ്പുകാറ്റുമാണ് എനിക്ക് ജീവിതം –ആർക്ക്? എന്തു കൊണ്ട്?
6. "ഞങ്ങൾ ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചത് നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെയും പഠിപ്പിക്കുക" എന്താണ് വെളുത്ത മനുഷ്യൻ അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടത്?
7. മുത്തച്ഛൻ തന്റെ മകന്റെ ആറാമത്തെ പെൺകുഞ്ഞിന് 'വേണ്ടാംകടി' എന്ന പേര് നൽകിയതിന്റെ പൊരുളെന്ത്?
8. "ഒരു വിസ്ലിയായിരുന്നു ഞങ്ങളുടെ ഏറ്റവും വലിയ താരം" ആരുടെ വാക്കുകൾ ? എന്തു കൊണ്ട്?
9. "പഴയൊരാപ്പാറക്കൽ പ്രതിമയുണ്ടപ്പോഴും<br>പരിശുദ്ധി ചുറ്റും പൊഴിച്ചുനില്പൂ" സൂചിതമെന്ത് ?
10. "സർവ്വ ദുരിതത്തിനു മൗഷധങ്ങൾ<br>കുഞ്ഞുങ്ങളെന്നു പറവൂ ബുധർ" – വ്യാഖ്യാനിക്കുക.
11. ആരൊക്കെയാണ് മീരയെ വിളിക്കുന്നത്?
12. ജനിച്ചിട്ടേയില്ലാത്തതിന് തുല്യരായിരിക്കുന്നവർ എന്ന് കവി പറയുന്നത് ആരെക്കുറിച്ചാണ് ?
13. സരള കുപ്പമ്മയുടെ വർത്തമാനം ശ്രദ്ധിക്കുന്നതിലും പിൻവശത്തുള്ള ജനൽ തുറന്നിടുന്നതിലും താല്പര്യം കാണിച്ചത് എന്തുകൊണ്ടാണ്?
14. "തിരിച്ചുതന്നാലുമങ്ങു മുറിച്ചൊരെൻ ചിറകുകൾ<br>പറക്കട്ടെയിവൾ സ്വച്ഛം ഉദയവാനിൽ" – ആശയമെന്ത്?
15. 'വായു ചുവന്ന മനുഷ്യന് അമൂല്യമാണ്' വിവരിക്കുക.

**(Ceiling: 25 Marks)**

II. ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

16. വിക്ടോറിയ വെള്ളച്ചാട്ടത്തെക്കുറിച്ച് ഡേവിഡ് ലിവിങ്സ്റ്റൺ പറഞ്ഞത് എന്തായിരുന്നു ? വിവരിക്കുക.

17. മലയാളികളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കണ്ടൽക്കാടുകൾ പ്രതിവിധിയാകുന്നത് എപ്രകാരമാണ് ? വിലയിരുത്തുക.

18. ഭൂമിയെക്കുറിച്ചുള്ള ചുവന്ന മനുഷ്യന്റെ കാഴ്ചപ്പാടുകൾ വിശദീകരിക്കുക.

19. മനുഷ്യബന്ധങ്ങൾക്കിടയിലെ ഇരുണ്ട സമസ്യകളാണ് പത്മരാജന്റെ കഥകൾ 'ലോല'യെ മുൻനിർത്തി വിശകലനംചെയ്യുക.

20. 'മീര പാടുന്നു' എന്ന കവിതയിലെ ആശയം ചുരുക്കി വിവരിക്കുക.

21. ആക്ഷേപഹാസ്യമെന്നനിലയ്ക്ക് 'പല പോസിലുള്ള ഫോട്ടോകൾ' എന്ന കവിതയ്ക്കുള്ള പ്രാധാന്യം വിലയിരുത്തുക.

22. കാപ്പിരികളുടെ പ്രത്യേകതകൾ വിവരിക്കുക.

23. 'കൊല്ലേണ്ടതെങ്ങനെ' എന്ന കവിതയുടെ സമകാലിക പ്രസക്തി വിലയിരുത്തുക.

**(Ceiling: 35 Marks)**

III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക. 10 മാർക്ക് വീതം.

24. സമകാലീന പരിസ്ഥിതിപഠനങ്ങളെ മുൻനിർത്തി കല്ലേൻ പൊക്കുടന്റെ 'കണ്ടൽജീവിത'ത്തിന്റെ പ്രസക്തിയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

25. 'ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ' എന്ന ലേഖനത്തിലെ ആശയങ്ങൾ ചുരുക്കി വിവരിക്കുക.

26. മധ്യവർഗ ജീവിതത്തിന്റെ കാപട്യങ്ങൾ തുറന്നുകാണിക്കുകയാണ് 'ഒത്തുതീർപ്പുകൾ'–പരിശോധിക്കുക.

27. സ്ത്രീപക്ഷ കവിത എന്നനിലയിൽ 'മീര പാടുന്നു' എന്ന കവിത മുന്നോട്ട് വെയ്ക്കുന്ന വിമോചന സാധ്യതകളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

**(2 × 10 = 20 Marks)**

*******